സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

സർവ്വീസിൽ നിന്നും പെൻഷനായ വിവിധ വിഭാഗം ജീവനക്കാരുടെ ആവശ്യങ്ങൾ – 2017 മാർച്ച് 14 –ൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ആസ്ഥാനത്ത്വച്ചു കൂടിയ വിവിധ പെൻഷൻ സംഘടനകളുടെ കോൺഫറൻസിലെ തീരുമാനം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 8003/16/Est-I** നന്തൻകോട്, **21/4/2017**

---

പരാമർശം :- 27–3–2017 ലെ മേൽ നമ്പർ ഉത്തരവ്.

## ഉത്തരവ്

ദേവസ്വം ബോർഡിൽ നിന്നും വിരമിച്ച വിവിധ വിഭാഗം ജീവനക്കാരുടെ സംഘടനകളുടെ ആവശ്യങ്ങൾ സംബന്ധിച്ച് 2017 മാർച്ച് 14 –ൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ആസ്ഥാനത്ത്വച്ചു കൂടിയ കോൺഫറൻസിൽ വിവിധ ആവശ്യങ്ങൾ പരിസോധിച്ച് ചർച്ച ചെയ്ത് ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

1. പെൻഷൻഫണ്ട് കോർപ്പസ് ഫണ്ടാക്കണമെന്ന ആവശ്യം ചർച്ച ചെയ്തു. പെൻഷൻഫണ്ട് കോർപ്പസ് ഫണ്ടാക്കി നിലനിർത്തി പെൻഷൻ നൽകുന്നതിന് തീരുമാനിച്ചു. ഈ ഫണ്ടിലേക്ക് 2017–18 വർഷത്തിൽ 50 കോടിയിൽ കുറയാത്ത തുക നിക്ഷേപിക്കാൻ തീരുമാനിച്ചു. കോർപ്പസ് ഫണ്ടാക്കിക്കൊണ്ട് Rule frame ചെയ്യുന്നതിന് നടപടി സ്വീകരിക്കാൻ ലാ ആഫീസർ, ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ, ദേവസ്വം അക്കൗണ്ട്സ് ആഫീസർ എന്നിവരെ ചുമതലപ്പെടുത്തി. കോർപ്പസ് ഫണ്ടാക്കി നിലനിർത്തുന്നതിന് ആവശ്യമായ തുക deposit ചെയ്യുന്നതിന് ക്രമീകരണം ഏർപ്പെടുത്താൻ ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ, ദേവസ്വം അക്കൗണ്ട്സ് ആഫീസർ എന്നിവരെ ചുമതലപ്പെടുത്തി.
2. 1985 ന് മുൻപുള്ളവർക്ക് പെൻഷന് പകരം നൽകിവരുന്ന എക്സ്ഗ്രേഷ്യാ വർദ്ധിപ്പിച്ച് നൽകണമെന്ന ആവശ്യം ചർച്ച ചെയ്ത് 1985 –ന് മുൻപുള്ളവർക്ക് പെൻഷന് പകരം നൽകിവരുന്ന എക്സ്ഗ്രേഷ്യാ പ്രതിമാസം 1,000/- രൂപ വർദ്ധിപ്പിച്ച് 01–4–2017 മുതൽ ആകെ 3,000/- (മൂവായിരം) രൂപ നൽകുന്നതിന് അനുവദിച്ച് ഉത്തരവാകുന്നു.
3. കണ്ടിജൻസി പെൻഷൻകാർക്ക് ഇപ്പോൾ നൽകിവരുന്ന മെഡിക്കൽ അലവൻസ് തുക 200/- രൂപ എന്നത് എസ്റ്റാബ്ലിഷ്മെന്റ് പെൻഷൻകാർക്ക് നൽകുന്ന ക്രമം 300/- രൂപയാക്കണമെന്ന ആവശ്യം ചർച്ച ചെയ്തു. 01–4–2017 മുതൽ എസ്റ്റാബ്ലിഷ്മെന്റ് പെൻഷൻകാർക്ക് നൽകുന്ന ക്രമം 300/- രൂപ കണ്ടിജൻസി പെൻഷൻകാർക്കും മെഡിക്കൽ അലവൻസ് നൽകുന്നതിന് അനുവദിച്ച് ഉത്തരവാകുന്നു.
4. ദേവസ്വം അക്കൗണ്ട്സ് ആഫീസിൽ പെൻഷൻ ബുക്ക് വാങ്ങിയശേഷം തിരികെ ലഭിക്കുന്നില്ലെന്ന പരാതി സംബന്ധിച്ച് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ അഭിപ്രായം ആരാഞ്ഞു. ചില എൻട്രികൾ പൂർണ്ണമായും രേഖപ്പെടുത്താ നുള്ളതായും തെറ്റുകൾ തിരുത്താനുള്ളതായും ദേവസ്വം അക്കൗണ്ട്സ് ആഫീസർ അറിയിച്ചു. നടപടിക്രമം പൂർത്തിയാക്കി ഉടൻ

....2

തിരികെ ലഭ്യമാക്കുന്നതിന് ദേവസ്വം അക്കൗണ്ട്സ് ആഫീസറെ ചുമതല പ്പെടുത്തി. ഓൺലൈൻ സംവിധാനത്തിലൂടെ പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കാനും ദേവസ്വം അക്കൗണ്ടസ് ആഫീസറെ ചുമതലപ്പെ ടുത്തി.

5. പെൻഷൻ പറ്റിയ ക്ഷേത്ര ജീവനക്കാർക്ക് ഓരോ ഡയറിയും കലണ്ടറും സൗജന്യമായി നൽകണമെന്ന ആവശ്യം ചർച്ച ചെയ്തു. 2018 വർഷം മുതൽ ആയത് നൽകുന്നതിനും ഓരോ ഉദ്യോഗസ്ഥരും പെഷൻപറ്റിയ ആഫീസിൽ നിന്നും ഓരോ ഡയറിയും കലണ്ടറും കൈപ്പറ്റുന്ന രീതിയിൽ ആവശ്യമായ ക്രമീകരണം ഏർപ്പെടുത്തുന്നതിന് ദേവസ്വം കമ്മീഷണ റേയും സാംസ്ക്കാരിക-പുരാവസ്തു വകുപ്പ് ഡയറ്കടറേയും ചുമതലപ്പെ ടുത്തി.

6. പെൻഷൻകാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അദാലത്ത് നട ത്തണമെന്ന ആവശ്യം ചർച്ച ചെയ്ത് താമസംവിനാ അദാലത്ത് നടത്തുന്ന തിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തി.

7. പെൻഷൻപറ്റിയ ജീവനക്കാരുടെ മക്കളുടെ വിവാഹത്തിന് തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ആഡിറ്റോറിയങ്ങൾ സൗജന്യമായി അനുവദിക്കണ മെന്ന ആവശ്യം ചർച്ച ചെയ്തു. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സുമംഗലി, തൃക്കാക്കര, നെട്ടോർകോട്ടുകാവ് ആഡിറ്റോറിയങ്ങൾ ഒഴികെ യുള്ള വിവിധ ദേവസ്വങ്ങളിലെ സദ്യാലയങ്ങൾ ലാസ്റ്റ്ഗ്രേഡ് അനുവദിക്കു ന്നതിന് മുൻപ് പെൻഷൻ പറ്റിയ ജീവനക്കാരുടെ മക്കൾക്ക് മാത്രം വാടക യിനത്തിൽ (മാത്രം) 25 % ഡിസ്കൗണ്ടിൽ നൽകുന്നതിന് അനുവദിച്ച് ഉത്തരവാകുന്നു.

8. പെൻഷൻകാർക്ക് മരണാനന്തര ചടങ്ങുകൾക്ക് തുക അനുവദിക്കണമെന്ന ആവശ്യം ചർച്ച ചെയ്ത് എക്സ്ഗ്രേഷ്യാ വാങ്ങുന്ന പെൻഷൻകാർക്ക് മാത്രം 5,000/- രൂപ വീതം ഇതിലേക്കായി അനുവദിച്ച് ഉത്തരവാകുന്നു.

9. പെൻഷൻകാർക്കും ഐഡന്റിറ്റി കാർഡ് നൽകണമെന്ന ആവശ്യം ചർച്ച ചെയ്തു. പെൻഷൻകാർക്കും ഐഡന്റിറ്റി കാർഡ് നൽകുന്നതിന് തീരുമാനിച്ചു. നിലവിൽ ഐഡന്റിറ്റി കാർഡ് വിതരണം നടത്തുന്ന ടീമിനെ ഇതിലേക്ക് ചുമതലപ്പെടുത്തി.

10. ക്ഷേത്ര ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുമ്പോൾ തന്നെ ഫാമിലി പെൻഷൻ ഉത്തരവ് കൂടി പുറപ്പെടുവിക്കണമെന്ന ആവശ്യം ചർച്ച ചെയ്തു. മേലിൽ പെൻഷൻ അനുവദിക്കുന്ന ഉത്തരവിൽ തന്നെ ഫാമിലി പെൻഷന്റെ വിവരം കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തി.

11. പെൻഷൻ ആനുകൂല്യങ്ങൾ വൈകുന്നത് ഒഴിവാക്കി യഥാസമയം നൽ കണമെന്ന ആവശ്യം ചർച്ച ചെയ്തു. പെൻഷൻ ആനുകൂല്യങ്ങൾ അനുവ ദിക്കുന്നത് താമസിക്കുന്ന സാഹചര്യം ഒഴിവാക്കി ആയത് യഥാസമയം ലഭ്യമാകുന്നതിന് കർശന ക്രമീകരണം ഏർപ്പെടുത്തുന്നതിന് ദേവസ്വം കമ്മീഷണർ, ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ, ദേവസ്വം അക്കൗണ്ട്സ് ആഫീസർ എന്നിവരെ ചുമതലപ്പെടുത്തി.

12. ടെമ്പിൾ എംപ്ലോയീസ് പെൻഷൻകാരുടെ ഫാമിലി പെൻഷൻ വർദ്ധിപ്പി ക്കണമെന്ന ആവശ്യം ചർച്ച ചെയ്തു. ക്ഷേത്രജീവനക്കാർക്ക് 01-7-2017 മുതൽ ക്ലാസ് IV ആനുകൂല്യം അനുവദിച്ചിട്ടുള്ളതിനാൽ ആയത് finalize ചെയ്ത് സാമ്പത്തികനില കൂടി പരിശോധിച്ചശേഷം ഇക്കാര്യത്തിൽ നട പടി കൈക്കൊള്ളുന്നതിന് തീരുമാനിച്ചു.

13. ദിവസവേതനക്കാരെ സ്ഥിരപ്പെടുത്തിയത് - ദിവസവേതന കാലയളവുകൂടി പെൻഷന് പരിഗണിക്കണമെന്ന ആവശ്യം ചർച്ച ചെയ്തു. ആയത് സംബന്ധിച്ച ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള G.O(P) No. 543/89/Fin dated 20-11-1989 & G.O(P) No. 540/94/Fin dated 30-9-1994 എന്നീ ഉത്തരവുകൾപ്രകാരം 1994 -ന് മുമ്പ് ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നവർക്കുമാത്രം ബാധകമാക്കുന്ന രീതി തുടരുന്നതിന് തീരുമാനിച്ചു.

14. 2014 ലെ ശമ്പളപരിഷ്കാരത്തിൽ ടെമ്പിൾ എംപ്ലോയീസിന് നൽകിയ 9 % ഫിറ്റ്മെന്റ് എസ്റ്റാബ്ലിഷ്മെന്റിന് തുല്യമായി (18 %) വർദ്ധിപ്പിക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്തു. പേ റിവിഷൻ സംബന്ധിച്ച് രൂപീകരിച്ച അനോമിലി കമ്മിറ്റി ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനും ആയത് ലഭിച്ച ശേഷം പരിശോധിച്ച് നടപടി കൈക്കൊള്ളുന്നതിന് തീരുമാനിച്ചു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും - നടപടിക്കായി
2. ലാ ആഫീസർ - നടപടിക്കായി
3. ഇ.ഡി.പി. സെക്ഷൻ
4. എസ്റ്റാ-2 സെക്ഷൻ, ദേവസ്വം ബോർഡാഫീസ്
5. പെൻഷൻ സെക്ഷൻ, ദേവസ്വം ബോർഡാഫീസ്
6. സെക്ഷൻ ഫയൽ
7. ഫയൽ ബുക്ക്
8. ഫെയർ ആഫീസ് കോപ്പി.

SK